**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ പലിശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ പലിശനിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെയും നൽ കുന്ന വായ്പകളുടെയും പലിശനിരക്ക് പുതുക്കി നിശ്ചയിക്കുന്നത് റിസർവ്വ് ബാങ്ക് കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന വായ്പാ നയ ങ്ങൾക്കനുസൃതമായി ഇതര ബാങ്കിംഗ് സ്ഥാപനങ്ങളിലെ പലിശ നിരക്കുമായി താരതമ്യപ്പെടുത്തി ഇതിനായി ചുമതലപ്പെട്ട ത്തിയിട്ടുള്ള പലിശ നിർണയ ഉപസമിതി സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാന ത്തിലാണ്. 19.01.2021-ൽ ചേർന്ന പലിശനിർണയ ഉപസമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ 22.01.2021-ൽ നിക്ഷേപ വായ്പാ പലിശ നിരക്കുകൾ കുറച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ പലിശ നിര ക്കുകൾ പുതുക്കുന്നത് സംബന്ധിച്ച് പലിശ നിർണയ യോഗം വിളിച്ച് ചേർക്കുന്നതും, പ്രാഥമിക സംഘങ്ങളിലെ പലിശനിരക്ക് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതു മാണ്. |
| (ബി) | കോവിഡ് പശ്ചാത്തലത്തിൽ സഹകരണ സംഘങ്ങളിൽനിന്നുള്ള വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതും പിഴപ്പലിശ ഒഴിവാക്കുന്നതും പരിഗണിക്കുമോ; | (ബി) | സംസ്ഥാനത്ത് കോവിഡ്-19 രോഗ ബാധയെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മൊറട്ടോറിയം അനുവദിച്ച് ആർ.ബി.ഐ. നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയ തിന്റെ അടിസ്ഥാന ത്തിൽ ടി നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്കും/ബാങ്കു കൾക്കും കൂടി ബാധകമാക്കി എല്ലാ സഹ കരണ സ്ഥാപനങ്ങൾ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെയും തുടർന്ന് 01.06.2020 മുതൽ 31.08.2020 വരെയും മൊറട്ടോറിയം ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെട്ടു വിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മൊറട്ടോറിയം കാലത്തെ പിഴപലിശ ഈടാക്കുവാൻ പാട്ടുള്ളതല്ല എന്നും ബാങ്ക്/ സഹകരണ സ്ഥാപനം സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതത് സ്ഥാപന ങ്ങളുടെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് ചെയ്ത് നൽ കാവുന്നതാണെന്നും സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും, തിരിച്ചടവുകൾക്ക് ഇളവ് നൽകുന്നതും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കേണ്ടത് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയാണ്. കോവിഡിന്റെ രണ്ടാം വ്യാപന ത്തെ തുടർന്നുള്ള അടച്ചിടലിനു ശേഷം ആർ.ബി.ഐ.യോ കേന്ദ്ര സർക്കാരോ മൊറട്ടോറിയം സംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ട് വഴി നൽകുന്ന ധനസഹായത്തിനുള്ള നടപടിക്രമങ്ങളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | 18/11/2008ലെ സ.ഉ.(കൈ)നം.249/2008/ സഹ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന റിസ്ക്ഫണ്ട് പദ്ധതി നിയമാവലി യിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നിലവിൽ റിസ്ക്ഫണ്ട് ആനുകൂല്യങ്ങൾ വായ്പക്കാർക്ക് അനുവദിച്ച് വരുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ